കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 സെപ്റ്റംബർ 01 ഞായർ

# അടുത്തവർഷം അവസാനത്തോടെ എല്ലാ കുട്ടികളുടെ വീട്ടിലും ഇൻററർനെറ്റ് -മന്ത്രി തോമസ് ഐസക്ക്

ആലപ്പുഴ: അടുത്ത വർഷം അവസാനിക്കുമ്പോൾ എല്ലാ വിദ്യാർത്ഥികളുടെ വീട്ടിലും ഇൻറർനെറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തു വരികയാണെന്ന് ധനകാര്യവകുപ്പ് മന്ത്രി ടി .എം തോമസ് ഐസക് പറഞ്ഞു . ഇതിനായി പ്രത്യേക കമ്പനി തന്നെ രൂപീകരിച്ചിട്ടുണ്ട് . കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആലപ്പുഴ മേഖല വിദ്യാഭ്യാസ- കായിക പ്രോത്സാഹന അവാർഡ് വിതരണം എരമല്ലൂരിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മത്സ്യത്തൊഴിലാളികളുടെയും മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്കാണ് അവാർഡ് കൈമാറിയത്. തീരദേശമേഖലയിലെ കുട്ടികൾക്ക് പഠന സൗകര്യം മെച്ചപ്പെടുത്തുകയും ഒപ്പം പ്രോത്സാഹനം ലഭിക്കുകയും വേണം . അവർക്കായി പ്രതിഭാ തീരം പദ്ധതി സർക്കാർ നടപ്പാക്കി വരികയാണ് . ഏതെങ്കിലും ലൈബ്രറിയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുക. തീരദേശമേഖലയിലെ കുട്ടികൾക്ക് ലൈബ്രറിയുടെ ഭാഗമായി പഠന സൗകര്യം ഒരുക്കും . കമ്പ്യൂട്ടറും മെൻറർ മാരെയും ഏർപ്പെടുത്തും. ഏതൊരു രക്ഷകർത്താവിനും ഏഴാം ക്ലാസ്സിൽ എത്തുമ്പോൾ കുട്ടിയെ പ്രതിഭാതീരം പരിപാടിയുടെ ഭാഗമാക്കാൻ കഴിയും. പത്താംക്ലാസ് എത്തുമ്പോഴേക്കും ഉയർന്ന നിലവാരത്തിലേക്ക് വിദ്യാർഥികളെ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്- മന്ത്രി പറഞ്ഞു. മത്സ്യ ബോർഡ് ചെയർമാൻ സി.പി.കുഞ്ഞിരാമൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്വ. എ എം ആരിഫ് എം പി, മത്സ്യഫെഡ് ചെയർമാൻ പി പി. ചിത്തരഞ്ജൻ, മത്സ്യ ബോർഡ് കമ്മീഷണർ കെ. കെ. സതീഷ് കുമാർ , എഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എസ് .പി . ശ്യാമള കുമാരി, മത്സ്യ ബോർഡ് മെമ്പർ പി ഐ ഹാരിസ് , ബി . ഷാനവാസ്, എം. എസ് . സ്മിത എന്നിവർ പ്രസംഗിച്ചു.

(ചിത്രമുണ്ട്)

## കേന്ദ്ര സർക്കാർ നൽകുമെന്ന് കരുതിയ സൗജന്യ അരി നിഷേധിച്ചത് സങ്കടകരം-മന്ത്രി ജി.സുധാകരൻ

ആലപ്പുഴ: ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്രം നൽകുമെന്ന് കരുതിയ സൗജന്യ

നിരക്കിലുള്ള അരിപോലും നിക്ഷേധിച്ചത് ഏറെ സങ്കടകരമാണെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി ജി.സുധാകരൻ. ആലപ്പുഴ എൻ.എസ്.എസ്.ഹാളിൽ (കൊട്ടാരപ്പാലത്തിന് സമീപം) സപ്ലൈകോ ആരംഭിക്കുന്ന ഓണം ജില്ലാ ഫെയറിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.
മുൻകാലങ്ങളിൽ കേന്ദ്രസർക്കാർ നൽകിയിരുന്ന സഹായങ്ങൾ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്ന രീതിയാണ്. എങ്കിലും കഴിഞ്ഞ വർഷത്തെ പ്രളയവും ഇത്തവണത്തെ മഴക്കെടുതിയും അതിജീവിക്കാനുള്ള ശ്രമമാണ് കേരളത്തിൽ നടക്കുന്നത്. 1565 ഓണ മാർക്കറ്റ് സപ്ലൈകോ കേരളത്തിൽ നടത്തുന്നു. ഗുണനിലവാരം ഉറപ്പാക്കിയ സാധനങ്ങൾ സബ്സിഡി നിരക്കിലാണ് ഇവിടെ നിന്ന് വിതരണം നടത്തുന്നത്. പൊതുവിപണിയിൽ ജയ അരിക്ക് 35 രൂപ വിലയുള്ളപ്പോൾ സപ്ലൈകോ 25 രൂപയ്ക്ക് നൽകുന്നു. പൊതുവിപണിയിൽ 38 രൂപ വിലയുള്ള പഞ്ചസാര 22 രൂപയ്ക്കും പൊതുവിപണിയിൽ 145 രൂപ വിലയുള്ള മുളക് 75 രൂപയ്ക്കുമാണ് നൽകുന്നത്. പുറം വിപണിയിൽ 98 രൂപ വിലയുള്ള ഉഴുന്ന് ഇവിടെ 60 രൂപയ്ക്കും ലഭിക്കും. 14 സാധനങ്ങൾക്ക് പൊതുവിപണിയെ അപേക്ഷിച്ച് കാര്യമായ വിലക്കുറവിലാണ് സപ്ലൈകോ വിൽക്കുന്നതെന്നും ഓണക്കാലത്ത് വില പിടിച്ചുനിർത്താൻ ഇതുവഴി ഭക്ഷ്യവകുപ്പിന് കഴിയുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭാ ചെയർമാൻ തോമസ് ജോസഫ്, കൗൺസിലർ സി.എസ്.സോളി, ജനറൽ മാനേജർ ആർ.രാംമോഹൻ, ജില്ലാ സപ്ലേ ഓഫീസർ പി.മുരളീധരൻ നായർ വിവിധ രാഷ്ട്രീയ-സംഘടനാ പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.സെപ്തംബർ 1 മുതൽ 10 വരെ രാവിലെ 9.30 മുതൽ രാത്രി എട്ടുവരെയാണ് ഓണം ഫെയർ.

(ചിത്രമുണ്ട്)

# ഓണം ജില്ല ഫെയർ ശവക്കോട്ട പാലത്തിന് സമീപം മന്ത്രി തോമസ് ഐസക് ഉദ്ഘാടനം ചെയ്തു

ആലപ്പുഴ: സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ സെപ്തംബർ 1 മുതൽ10 വരെ ആലപ്പുഴ ശവക്കോട്ട പാലത്തിന്റെ വടക്കുവശത്തെ ആർ സുഗതൻ സ്മാരക ഹാളിൽ ഓണം ജില്ലാ ഫെയർ തുടങ്ങി. ധനകാര്യ- കയർ വകുപ്പ് മന്ത്രി ടി എം തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. അദ്ദേഹം ആദ്യവില്പനയും നിർവഹിച്ചു.ഫെയറിനോടനുബന്ധിച്ച് ഹോർട്ടികോർപിന്റെയും വിവിധ സർക്കാർ ഏജൻസികളുടെ സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ട്. നഗരസഭാ അംഗം എം.കെ നിസാർ, റീജിയണൽ മാനേജർ പി.ടി.സൂരജ്, രവികുമാരൻപിള്ള, കെ എസ് പ്രദീപ് കുമാർ, ജില്ലാ സപ്ലൈ ഓഫീസർ പി.മുരളീധരൻ നായർ, ടി.ജെ.ആഞ്ചലോസ് എന്നിവർ പ്രസംഗിച്ചു. രാവിലെ 9.30 മുതൽ രാത്രി എട്ടുവരെയാണ് ഓണം ഫെയറിന്റെ പ്രവർത്തന സമയം.

(ചിത്രമുണ്ട്)